ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന മുറയ്ക്ക് നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഭൗതിക സാഹചര്യം ഉള്ള സ്കൂളുകളിൽ പ്രാദേശിക ചുറ്റുപാടുകൾക്കനുസരിച്ച് വി. എച്ച്. എസ്. ഇ. കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ വി. എച്ച്. എസ്. ഇ. കോഴ്സുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി 2003–2004 അദ്ധ്യയന വർഷം മുതൽ നൂതന സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ചുകൊണ്ട് എല്ലാ വൊക്കേഷണൽ കോഴ്സുകളുടെയും സിലബസ്സ് പരിഷ്കരിച്ചിട്ടുണ്ട്. കൂടുതൽ തൊഴിൽ സാധ്യതയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും കാലഹരണപ്പെട്ടവ ഒഴിവാക്കുവാനുമായി ഒരു വൊക്കേഷണൽ സർവ്വേ നടത്താൻ പദ്ധതിയുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പ് നടത്തി വരുന്ന കോഴ്സുകൾ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും അംഗീകരിച്ചിട്ടുണ്ട്. കൂടാതെ 24 അന്യ സംസ്ഥാന സർവ്വകലാശാലകളും വി. എച്ച്. എസ്. ഇ. കോഴ്സുകൾ അംഗീകരിച്ചിട്ടുണ്ട്. രാജ്യത്തെ മറ്റു സർവ്വകലാശാലകളുടെ കൂടി അംഗീകാരം ലഭിക്കുന്നതിനായി വകുപ്പ്, അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. വകുപ്പ് നടത്തി വരുന്ന 42 വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ 12 എണ്ണം വിവിധ വകുപ്പുകളിലെ തസ്തികകളിൽ നിയമനത്തിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾക്ക് തത്തുല്യമായി പി. എസ്. സി. അംഗീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോഴ്സുകൾക്കുകൂടി പി. എസ്. സി.-യുടെ അംഗീകാരം ലഭിക്കുന്നതിനായി വകുപ്പ് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുവാൻ നടപടി

102 [2992] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലായെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലില്ലാത്ത പഞ്ചായത്തുകൾ താഴെപ്പറയുന്നവയാണ്. ഒളവണ്ണ, ഓമശ്ശേരി, കാരശ്ശേരി, തിരുവമ്പാടി, കൊടിയത്തൂർ, തലക്കളത്തൂർ, ആലഞ്ചേരി, തുവ്വൂർ. കാവിലംപാറ, ചെങ്ങരോത്ത്, പുറമേരി, കായക്കോടി, ചെങ്ങോട്ടുകര, പനങ്ങാട്, നരിപ്പറ്റ, തിരുവള്ളി, കൂരാച്ചുണ്ട്, മരുതുക്കര, കീഴറിയൂർ, വേലം, വലിയപ്പിള്ളി, ചെക്കിയോട്.

(സി) പഞ്ചായത്തടിസ്ഥാനത്തിലല്ല ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത്. സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പാട്യം ഗോപാലൻ മെമ്മോറിയൽ ഹൈസ്കൂൾ സർക്കാർ ഏറ്റെടുക്കാൻ നടപടി

103 [2993] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര ഹൈസ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, സ്വാശ്രയ സ്കൂളുകൾ, പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകൾ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ ചെറുവാഞ്ചേരിയിലെ പാട്യം ഗോപാലൻ മെമ്മോറിയൽ ഹൈസ്കൂൾ പഞ്ചായത്ത് നിയന്ത്രണത്തിലായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 187 ഹൈസ്കൂളുകളും അതിൽ 109 സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗവും ഉണ്ട്.

(ബി) പട്ടികയായി ചുവടെ ചേർക്കുന്നു.

	ഗവൺമെന്റ്	എയ്ഡഡ്	പഞ്ചായത്ത് മനേജ്മെന്റ്	അൺ എയ്ഡഡ്/ സ്വാശ്രയം	ആകെ
ഹൈസ്കൂളുകൾ	83	78	3	23	187
ഹയർ സെക്കണ്ടറി വിഭാഗം ഉള്ള ഹൈസ്കൂളുകൾ	62	27	1	19	109

LIBRARY ARCHIVES Kerala Legislative Assembly